# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1769 — 17.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>,, ടി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ<br>,, എം.എ. വാഹീദ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബയോമെട്രിക് കാർഡുകൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ട എല്ലാ പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി തീരദേശ ജില്ലകളിൽ പുരോഗമിച്ച് വരുന്നു. ഇതുവരെയായി ഒരു ലക്ഷത്തോളം ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മത്സ്യത്തൊഴിലാളികൾക്ക് രാജ്യത്തിന്റെ തീരദേശത്ത് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുക എന്നതാണ് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. ബയോമെട്രിക് തിരിച്ചറിയൽ കാർഡ് താഴെ പറയുന്ന കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.<br>* ഇന്ത്യൻ പൗരനാണെന്ന് സ്ഥാപിക്കാൻ<br>* ഇന്ത്യൻ തീരദേശ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളിയാണെന്ന് സ്ഥാപിക്കാൻ<br>* സ്ഥിരതാമസ വിവരങ്ങൾ സ്ഥാപിക്കാൻ<br>* വയസ്സും ജനന തീയതിയും തെളിയിക്കുന്നതിന്.<br>* ഭൂമി, സ്ഥാവര ജംഗമ സ്വത്തുക്കളുടെ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, ടെലിഫോൺ / മൊബൈൽ / ഗ്യാസ് കണക്ഷൻ എടുക്കുന്നതിന്, ഡ്രൈവിംഗ് ലൈസൻസ് / വാഹന രജിസ്ട്രേഷൻ, റേഷൻ കാർഡ്, പാസ്പോർട്ട്, ബാങ്ക് അക്കൗണ്ട് എന്നിവയ്ക്ക് അപേക്ഷിക്കുമ്പോൾ തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം.<br>* രാജ്യത്തിന്റെ തീരദേശത്ത് സുരക്ഷിതമായി മത്സ്യബന്ധനം നടത്തുന്നതിന് കാർഡ് സഹായിക്കും. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റലൈസേഷൻ, കാർഡ് തയ്യാറാക്കൽ, എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് പാലക്കാട് ഐ.റ്റി.ഐ ആണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവര ശേഖരണം പൂർത്തിയാക്കിയവരുടെ ബയോമെട്രിക് വിവരങ്ങൾ അടക്കമുള്ള ഡിജിറ്റലൈസേഷൻ പ്രവൃത്തികൾ പാലക്കാട് ഐ.ടി.ഐ പൂർത്തിയാക്കി ആദ്യഘട്ടത്തിൽ ഒരു ലക്ഷത്തോളം ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വിവരശേഖരണം പൂർത്തിയാക്കിയവരുടെയും അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും ബയോമെട്രിക് കാർഡ് തയ്യാറാക്കൽ ഐ.ടി.ഐ പാലക്കാടിൽ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ